(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കയറുൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്താൻ നടപടി

3 [*134] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. അച്ചുതൻ :
,, സി. പി. മുഹമ്മദ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് 2004-05-ൽ എന്തു തുകയ്ക്കുള്ള കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു ;

(ബി) 2005-06-ൽ ഇതുവരെ എന്തു തുകയ്ക്കുള്ള കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു ;

(സി) ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് ;

(ഡി) കൃത്രിമ നാരുകൾക്ക് ഉണ്ടായിട്ടുള്ള ഡിമാന്റില്ലായ്മ പരിഗണിച്ച് കയറിന് കൂടുതൽ വിപണി കണ്ടെത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) 2004-05 വർഷത്തിൽ ഇന്ത്യയുടെ മൊത്തം കയറും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി 473.40 കോടി രൂപയ്ക്കുള്ളതായിരുന്നു. ഇതിന്റെ 95 ശതമാനവും സംസ്ഥാനത്തുനിന്നുള്ള കയറ്റുമതിയാണ്.

(ബി) 2005-06-ൽ ജനുവരി അവസാനം വരെ 406.27 കോടി രൂപയുടെ കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്തു.

(സി) കയറുൽപ്പന്നങ്ങൾ പ്രധാനമായും യു. എസ്. എ., യു. കെ., നെതർലെന്റ്, ജർമ്മനി, സ്പെയിൻ, ആസ്ട്രേലിയ, കൊറിയ, ജപ്പാൻ, എന്നീ രാജ്യങ്ങളിലേക്കാണ് കയറ്റുമതി ചെയ്യുന്നത്.

(ഡി) കയറുൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—II

16-2-2006-ലെ നക്ഷത്രചിഹ്നമിട്ട 3 [134]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

1. കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണി മെച്ചപ്പെടുത്തുന്നതിനായി രാജ്യത്തെ പ്രധാന നഗരങ്ങളിൽ വ്യാപാരമേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിന് ധനസഹായം നൽകിവരുന്നു. കൂടാതെ ദൂരദർശൻ, ആകാശവാണി, പ്രധാന പത്രങ്ങൾ, മാസികകൾ തുടങ്ങിയവ വഴി നടത്തുന്ന പരസ്യച്ചെലവിന്റെ 50% തുക ഗ്രാന്റായി സർക്കാർ, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നിവയ്ക്ക് നൽകി വരുന്നു.

2. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനും പഠനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

3. കേരളത്തിലെ കയറിനും കയറുൽപ്പന്നങ്ങൾക്കും ഒരു ബ്രാന്റ് ഇമേജ് ഉണ്ടാക്കുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ട്. ഇതിനായി 40 ലക്ഷം രൂപ NCRMI-യ്ക്ക് നൽകിയിട്ടുണ്ട്.

4. ഗുണനിലവാരവും വൈവിധ്യവൽക്കരണവും നടപ്പാക്കുന്നതിന്റെ ഭാഗമായി കയർ മേഖലയിൽ പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ (സി.എഫ്.എസ്.സി.) തുടങ്ങുന്നതിന് സഹായം നൽകിവരുന്നു.

5. കയറിനും കയറുൽപ്പന്നങ്ങൾക്കും പുതിയ വിപണികൾ കണ്ടെത്തുന്നതിന് വിപണനത്തിന് പ്രൊഫഷണൽ രീതി അവലംബിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ വിപണി വികസന സഹായം (എം.ഡി.എ.) സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങളായ കയർ കേർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നിവയ്ക്കും നൽകിവരുന്നു. കുറച്ചു സമയത്തിനുള്ളിൽ കൂടുതൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പവർ ലൂമുകളും ഫ്ളോക്കിംഗ് മെഷീനും വാങ്ങുന്നതിനും ISO Certification ലഭിക്കുന്നതിന് ഗ്രാന്റും നൽകുന്നു. നൂതനങ്ങളും വൈവിധ്യമാർന്നതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ വ്യവസായത്തിൽ ഗവേഷണ വികസനത്തിനായി ദേശീയ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഔഷധസസ്യങ്ങളിൽ നിന്നുള്ള ഡൈ ഉപയോഗിച്ചുള്ള കയറുൽപ്പന്നങ്ങൾ നിർമ്മിക്കുക, ചകിരിനാരുപയോഗിക്കുന്നതിന്റെ സാധ്യതകൾ മനസ്സിലാക്കുവാനും അതിൽനിന്നും പുതിയതും വൈവിധ്യമാർന്നതുമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാധ്യത മനസ്സിലാക്കുവാനും മറ്റുമുള്ള ഗവേഷണങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

6. കയറ്റുമതി സാധ്യതയുള്ള പിത്ത് യൂട്ടിലൈസേഷൻ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് 30% പ്രത്യേക സ്ഥിരമൂലധനം നിക്ഷേപ സബ്സിഡിയായി പരമാവധി 30 ലക്ഷം രൂപ വരെ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

7. കയർ വ്യവസായത്തിൽ കയർ ഭൂവസ്ത്ര വികസനം ഒരു ഉന്നൽ മേഖലയായി കണക്കാക്കി, കയർ ഭൂവസ്ത്ര സംയോജിത പദ്ധതിയിൽ പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നു.

8. കമ്പോളത്തിലെ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സോഫ്റ്റ്വെയറുള്ള കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു

9. ആഗോളതലത്തിലുള്ള ആവശ്യകതയ്ക്കനുസൃതമായി ഗുണമേന്മയും വൈവിധ്യവുമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു.

10. ഉൽപ്പാദന വിപണന സഹായത്തിനായി പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് എന്ന ഒരു പുതിയ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

11. ആലപ്പുഴയിലും കൊല്ലത്തും മാതൃകാ കയർ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് 58 ലക്ഷം രൂപ 2004-05, 2005-06 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly